# ഉൾമിഴി



ലിറ്റിൽ കൈറ്റ്സ്
സെന്റ് മേരീസ് എച്ച്. എസ്.
ചെറുപുഴ

നിനവുകളും കനവുകളും................

അകതാരിൻ തുടിപ്പുകളും...............

ഉൾപ്പൂവിൻ നൊമ്പരങ്ങളും.............

# സന്ദേശം

ലിറ്റിൽ കൈറ്റ്സിൻെറ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ജോർജ് പി എം
ഹെഡ്മാസ്റ്റർ

താളുകളിലൂടെ


ഉൾപ്പൂവിൻ നൊമ്പരങ്ങളും........................................................................................2
എഡിറ്റോറിയൽ ബോർഡ്..........................................................................................5
മുഖമൊഴി..............................................................................................................6
സഹർഷം സമർപ്പിക്കുന്നു.........................................................................................6
അനാഥ ബാല്യങ്ങൾ.................................................................................................7
നമ്മുടെ മാതൃഭാഷ..................................................................................................9
മാധവിക്കുട്ടി (കമലാസുരയ്യ).....................................................................................10
.........................................................................................................................11
RABINDRANATH TAGORE (1861-1941).........................................................12
ഹൃദയത്തിൽ സൂക്ഷിക്കാൻ........................................................................................13
Meanings............................................................................................................14
പുഴക്കൊരു യാത്രാമൊഴി..........................................................................................15
കടങ്കഥകൾ..........................................................................................................16
ചിലത്.................................................................................................................17
പഴഞ്ചൊല്ലുകൾ......................................................................................................19
പെയ്തു പോയ പെരുമഴക്കാലം..................................................................................21
CAN YOU SOLVE THIS?.....................................................................................22
പൈഥഗോറസ്........................................................................................................23

# എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ജോർജ് പി.എം |
| സ്റ്റാഫ് എഡിറ്റേസ് | : | ജോബിൻ എൻ ജോസ് |
| | | ടെന്നി തോമസ് |
| സ്റ്റുഡന്റ് എഡിറ്റർ | : | ആൻലിയ |

അംഗങ്ങൾ

റുബീന റഹ്മാൻ

ദർശന വി.വി

ആൽബർട്ട് ഐസക്ക്

റയാൻ സാജൻ

ആകാശ് ജോസഫ്

എബിൻ ജെയിംസ്

# മുഖമൊഴി

വായിച്ച വളരണം നമ്മൾ.വായന ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നു വായിച്ചാലും വളരും ,വായിച്ചില്ലേലും വളരും, വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും എന്ന് കുഞ്ഞുണ്ണി മാഷിൻെറ കവിതയാണ്.വായന ഒരു നല്ല ശീലമായി എടുക്കുന്നത് ഒരു നല്ല വ്യക്തിത്വത്തിന് ഉടമയാണ്. നല്ല വായനക്കായ് നല്ലത് തിരഞ്ഞെടുക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. അതിനായി നല്ല കവിതകളും കഥകളും നോവലുകളും  തിരഞ്ഞെടുക്കുക.അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണ് എന്നുള്ളതിൽ തിരിച്ചറിവിന് ഫലമായി രൂപംകൊണ്ട ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ. ഇതിൻെറ ആദ്യ പടിയെന്നനിലയിലുള്ള ഒരു എളിയ ശ്രമമാണ് ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളായ ഞങ്ങൾ നടത്തുന്നത്.

സഹർഷം സമർപ്പിക്കുന്നു...........................

# അനാഥ ബാല്യങ്ങൾ

നിൻെറ കണ്ണിലൂടെ ഞാൻ
എൻെറ ലോകം കണ്ടറിഞ്ഞു
വർണ്ണങ്ങൾ ഒട്ടും വാരി വിതറിയില്ലെങ്കിലും
ഉള്ള വർണ്ണങ്ങളിൽ മനോഹരമാക്കി
സ്വന്തം ലോകം നിറമില്ലെങ്കിലും
അമ്മയുടെ മണമുള്ള ലോകമാക്കി
മനസ്സിൻെറ ഏടുകൾ വലിച്ചു.
കീറി പട്ടം പറത്താൻ
തിടുക്കപ്പെടുന്ന മറു ബാല്യം
അനാഥത്വത്തിൽ വാതിൽ തുറന്നു
പുറത്തേക്കു പോകാൻ കൊതിക്കുന്ന
കുഞ്ഞു മനസ്സ്.

ദർശന വി വി

...........Maths Quiz............

5+5x5+5=...?

(A) 55

(B) 35

(C) 75

(D)100

Abhinav

# നമ്മുടെ മാതൃഭാഷ

1. മാതൃഭാഷ സംസ്കാരത്തിൻെറ ഭാഗമാണ് എന്നാൽ പുതിയ കാലം മാതൃഭാഷയെ പലപ്പോഴും പടിക്കു പുറത്തുനിർത്തുന്നു.മുതിർന്നവരെക്കാളേറെ കുട്ടികളാണ് ഇംഗ്ലീഷ് ഭാഷയുടെ സ്വാദീനത്തിൽപ്പെട്ടിരിക്കുന്നത്.

2. ദൃശ്യമാധ്യമങ്ങളിൽ നാം കേൾക്കുന്ന തരത്തിലുള്ള മിശ്രഭാഷയിലാണ് ഇന്നത്തെ കുട്ടികൾ സംസാരിക്കുന്നത്.മാതൃഭാഷ കുറഞ്ഞു വരുന്ന കാലത്തെയാണ് നാം കണ്ടുവരുന്നത്. ഒരു കാലത്ത് മണ്ണിൽക്കളിച്ച് മണ്ണപ്പം ചുട്ടുവളർന്ന ഒരു തലമുറ മാത്രമാണ് ഇന്ന് മണ്ണിനെ സ്നേഹിക്കുന്നത്.അന്ന് മനുഷ്യന് അസുഖങ്ങൾ ഇല്ലായിരുന്നു.

3. മണ്ണ് കൈകൊണ്ട് തൊടരുത് എന്ന് പുതിയ തലമുറയെ പറഞ്ഞുപഠിപ്പിച്ചതോടെ കുട്ടികൾ മണ്ണിൽ നിന്നും പ്രകൃതിയിൽനിന്നും അകന്നു.ഒപ്പം സംസ്കാരത്തിൽ നിന്നും പുതിയതലമുറ പ്രകൃതിയെ അറിഞ്ഞല്ല വളരുന്നത്.മണ്ണിൽ നിന്നും ഭാഷയിൽനിന്നുമെല്ലാം അകന്നുകഴിയുന്ന നാകരികമായ ഫ്ലാറ്റ്സംസ്കാരം പടർന്നുപിടിക്കുമ്പോൾ വിലപ്പെട്ടപലതും നമുക്കു നഷ്ടപ്പെടുന്നു എന്ന ആശയാണ്.ഇക്കാലത്ത് ഭാഷയും സംസ്കാരവും നഷ്ടമാകുമ്പോൾ വേരുകൾ നഷ്ട്ടപ്പെട്ടവരായി നമ്മുക്ക് ജീവിക്കേണ്ടിവരും എന്ന സൂചന പുതുതലമുറയിൽ നിന്നും വ്യക്തമാണ്.മലയാളികൾപോലും മാതൃഭാഷയെ അത്രയേറെ വെറുക്കുകയും അത് പറയുമ്പോൾ ലജ്ജയും തോന്നുന്നവർ ഈ ലോകത്ത് കാണാൻ കഴിയും.

ആകാശ്

## മാധവിക്കുട്ടി (കമലാസുരയ്യ)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു.മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശസ്തയായ എഴുത്തുകാരി.മലയാളത്തിൽ 'മാധവിക്കുട്ടി'എന്ന പേരിലും ഇംഗ്ലീഷിൽ 'കമലാദാസ്' ' എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്.വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം,കേരള സാഹിത്യ അക്കാദമി പുരസ്കാരം,ഏഷ്യൻ വേൾഡ് പ്രൈസ്,ഏഷ്യൻ പോയട്രി പ്രൈസ് എന്നിവ ലഭിച്ചു.കടൽ മയൂരം, ഭയം എന്റെ നിശാവസ്ത്രം, എന്റെ സ്നേഹിത അരുണ, ചുവന്നപാവാട, പക്ഷിയുടെ മണം, തണുപ്പ്, മാനസി, എന്റെ കഥ, ബാല്യകാലസ്മരണകൾ, വർഷങ്ങൾക്ക് മുൻപ്, മനോമി, വണ്ടിക്കാളകൾ, ഒറ്റയടിപാത, മറ്റു കവിതകളും............

റിയ

## നന്ദി

എന്റെ വഴിയിലെ വെയിലിനും നന്ദി.......
എന്റെ ചുമലിലെ ചുമടിനും നന്ദി.............
എന്റെ വഴിയിലെ തണലിനും
മരക്കൊമ്പിലെ കൊച്ചുകുയിലിനും നന്ദി...
വഴിയിലെ കൂർത്ത നോവിനും നന്ദി.........
മിഴി ചുവപ്പിച്ച സൂര്യനും നന്ദി..................
നീളുമീ വഴിച്ചുവട് താങ്ങി തന്ന
തോളിനും വഴിക്കിണറിനും നന്ദി........
നീട്ടിയൊരു കൈകുംബിളിൽ
ജലം വാർത്തു തന്ന നിൻ കനിവിനും നന്ദി.......
ഇരുളിലെ ചതിക്കുണ്ടിനും പോയൊരുരാവിലെ
നിലാ കുളിരിനും നന്ദി..................
വഴിയിലെ കൊച്ചു കാട്ട് പൂവിനും
മുകളിലെ കിളിപ്പാട്ടിനും  നന്ദി.........
വഴിയിൽ വറ്റാത്ത കണ്ണ് നീരിനും
ഉയിരനങ്ങാത്ത ഒരലിവിനും നന്ദി.......
ദൂരെ ആരോ കൊളുത്തിനീട്ടുമാ-
ദീപവും നോക്കിയേറെ ഏകയായ്
കാത്തു വയ്ക്കുവാൻ ഒന്നുമില്ലാതെ
തീർത്തു ചൊല്ലുവാൻ അറിവുമില്ലാതെ
പൂക്കളില്ലാതെ പുലരിയില്ലാതെ
ആർദ്രമേതോ വിളക്കു പിന്നിലായ്

പാട്ട് മൂളി ഞാൻ പോകവേ
നിങ്ങൾ കേട്ട് നിന്നമോതോഴരേ
നന്ദി.......നന്ദി........നന്ദി...........

ദർശന വി.വി

ABOUT POET

# RABINDRANATH TAGORE (1861-1941)

Rabindranath Tagore is a Bengali writer who reshaped Bengali literature and music as well as Indian art in the late 19th and early 20th centuries.He become the first non-European to win Nobel price for literature for his celebrated work GITHANJALI, famous for its 'profoundly sensitive, fresh and beautiful verse'.the golden boat, cabuliwalah,the post office,and the broken nest are some of his notable works.This is an extract from his autobiographcal work my boyhood days.

Alfiya Basheer

# ഹൃദയത്തിൽ സൂക്ഷിക്കാൻ

ഹൃദയത്തിൽ സൂക്ഷിക്കാൻ
ഒരുപാടോർമ്മകൾ ബാക്കിവച്ച്
വിട്ടു ഞങ്ങളാ സ്കൂൾ മുറ്റം
വിട്ടു ഞങ്ങളാ ഒരുമതൻ വീട്

കരച്ചിലും സന്തോഷങ്ങളും
ഹൃദയത്തിൻ വേദനകളും
ഇണക്കങ്ങളും പിണക്കങ്ങളും
ബാക്കിയായി

കഴിച്ചിട്ടു ഞങ്ങൾ കഴിച്ചിട്ടു
ആ നെല്ലിമരച്ചോട്ടിൽ
പുതിയൊരു തൈച്ചെടിക്കായ്
സ്നേഹത്തിൻ കതിരിനുവേണ്ടി

എവിടേക്കെന്നറിയില്ല
എങ്ങോട്ടെന്നറിയില്ല
എന്നാലും ഞങ്ങൾ തൻ ബന്ധം
ഉണ്ടാവുമോ നെല്ലിമരച്ചോട്ടിൽ

ജീവിതത്തിൻ താളുകൾ
മറിക്കുവാനായ് ഒരുപാടോർമ്മകൾ
ബാക്കിതന്നു എൻവിദ്യാലയം
എൻ കൂട്ടുകാർ

ദർശന വി.വി

# Meanings

Offended-resentful or annoyed, typically
as a result of a perceived insult

Originality-the ability to think independently
land creatively

Peer-to look closely or carefully at someone or
something

Penalty-a punishment enforced for breaking
a law,rule or contract

Plead-to make an emotional appeal

Pretend-to behave so as to make it appear
that something is the case when in fact it is not

Rejoice-to feel or show great joy or delight

Relief-a feeling of release from  distress

Reproach-to express to someone one's disapproval of or
disappointment in their action

Revenge-an act of hurting or harming someone
in return for an innjury or wrong suffered

# പുഴക്കൊരു യാത്രാമൊഴി

ഇവിടെ ഒരു പുഴയുണ്ടായിരുന്നു
നിറയെ സ്വപ്നങ്ങളും
അതിലേറെ മോഹങ്ങളുമായ്
പടിഞ്ഞാറോട്ടൊഴുകുന്ന പുഴ
കോരിച്ചൊരിയുന്ന മഴയിൽ
സ്വയം നിറഞ്ഞൊഴുകിയവൾ
കാവിയണിഞ്ഞ് സന്യാസിനിയായി
തീർത്ഥയാത്രക്കൊരുങ്ങിയവൾ
വളരെ മീൻക്കുഞ്ഞുങ്ങൾക്ക്
അമ്മയായിരുന്നവൾ
പുഴ ഒരു മാതാവായിരുന്നു
പാടുന്ന കുയിലിനും
ആടുന്ന മൈയിലിനും
ഈ മനോഹര നാടിനും മാതാവ്

എബിൻ ജെയംസ്

## **കടങ്കഥകൾ**

1. അകത്തുനിന്നു നോക്കികാണും കാണുന്നതെല്ലാം ഉള്ളിലാക്കും - ക്യാമറ
2. ഞെട്ടില്ല വട്ടയില – പപ്പടം
3. അങ്ങോട്ടും ഇങ്ങോട്ടും സംബന്തം വീട്ടമ്മയ്ക്ക് ഇത് നിർബന്ധം - വാതിൽ
4. അങ്ങേലെ മുത്തശ്ശിക്ക് ഇങ്ങേലെ വിട്ടിലെ മുറ്റമടി - മുള
5. കാട്ടു കേറി ഓരിയിട്ടു - തേക്ക്
6. ആയിരം അറയിൽ ഒരു ഉണ്ണികൃഷ്ണൻ - വാഴപ്പിണ്ടി
7. ആയിരം പോലീസുക്കാർക്ക് ഒരു ബെൽട്ട് - ചൂൽ
8. ചെടിയിൽ കായ കായയിൽ ചെടി - കൈതചക്ക
9. കാട്ടു വെട്ടി പാറകണ്ടു പാറവെട്ടി വെള്ളം കണ്ടു - തേങ്ങ
10. പാലിൽ കരിമീൻ - കണ്ണ്

കൃഷ്ണപ്രിയ


# ചിലത്

ചില സന്ധ്യകൾ ചോന്നു തുടുക്കാറില്ല.........
ചില മുകിൽമാലകൾ പെയ്തൊഴിയാറില്ല......
ചില രാത്രികൾ നിലാവ് പൊഴിക്കാറില്ല......
ചില നേരം കാറ്റിനു ചന്ദനഗന്ധമല്ല.............

ചില മോഹങ്ങൾ സഫലമാകാറില്ല.........
ചില നിമിഷങ്ങൾ മനസ്സിൽ നിന്നു മായാറില്ല...........
ചില സത്യങ്ങൾ ആരും ഓർക്കാറില്ല............
ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാറില്ല.......

ദർശന വി.വി

# William Blake



(1757-1827) is an English poet, painter and printmaker.

He is regarded as a seminal figure of the Romantic Age. His writings have influenced countless writers and artists through the ages and he is considered as a major poet and an original thinker. His important works include songs of innocence and of Experience The Marriage of Heaven and Hell The four Zoas and Jerusalem

Nikhitha M

## പഴഞ്ചൊല്ലുകൾ

1. അൽപജ്ഞാനം ആപത്ത്
2. അഴകുള്ള ചക്കയിൽ ചുളയില്ല
3. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
4. അറിവാണ് ശക്തി
5. അധികമായാൽ അമൃതം വിഷം
6. അടിതെറ്റിയാൽ ആനയും വീഴും
7. അണ്ണാൻ കുഞ്ഞും തന്നാലായത്
8. അസൂയക്കും കഷണ്ടിക്കും മരുന്നില്ല
9. അങ്കവും കാണാം താളിയുമൊടിക്കാം
10. മടിയൻ മല ചുമക്കും
11. വിത്തു ഗുണം പത്തു ഗുണം

ദർശന വി.വി

# ENGLISH GRAMMAR

| Prefix | Root word | Suffix |
|---|---|---|
| Unhappy | Happy | Happyless |
| Unwork | Work | Workable |
| Disgrace | Grace | Graceful |
| Unearth | Earth | Earthly |
| Disadvantage | advantage | advantages |
| Disagree | Agree | agreement |

Lisa Mary Mathew

# പെയ്തു പോയ പെരുമഴക്കാലം

"ഒന്നാണ് നാം മർത്ത്യർ

എന്നതു  കാട്ടുവാൻ

സ്രഷ്ടാവു കാട്ടിയ വൃഷ്ടി-

പെരുമഴ

എല്ലാം തകർത്തെറിഞ്ഞും

മനുഷ്യൻെറ മതിൽകെട്ടുകൾ

കണ്ണിൽ പെരുമഴയായത്

മാറിയും കണ്ണു തുറക്കുവാ-

നവസരം നല്കിയും

പെയ്തൊഴിഞ്ഞ പെരുമഴ-

ക്കാലത്തെ ഓർത്തു പുതിയ

പുലരി കാക്കുന്നു നാം."

ഫാത്തിമത്തുൽ സുഹറ

# CAN YOU SOLVE THIS?

VIRAL"IQ" TEST

1+4=5

2+5=12

3+6=21

8+11=??

Albert Isac

# <u>പൈഥഗോറസ്</u>

പ്രശസ്തനായ ഗണിതശാസ്ത്രജ്ഞനും തത്വചിന്തകനുമായിരുന്നു.പൈഥഗോറസ്.ഇദ്ദേഹം ജനിച്ചത് ഉദ്ദേശം 2500 കൊല്ലം മുമ്പ്,ഗ്രീസിലെ സാമോസ് ദ്വീപിലാണ്.പൈഥഗോറസിന്റെ കാലത്ത് പേനയോ പേപ്പറോ കണ്ടുപിടിച്ചിരുന്നില്ല.അതിനാൽ അദ്ദേഹം ഒന്നും എഴുതിവെച്ചില്ല.ചിൽക്കാലത്ത് ആളുകൾ എഴുതിയിട്ടുണ്ടാക്കിയതാണ് പൈഥഗോറസിന്റെ തിയറവും ജീവുതകഥയുമെല്ലാം.

സാമോസ് ദ്വീപ് പണ്ടത്തെ വലിയ വ്യാപാര കേന്ദ്രമായിരുന്നു.അവിടെ ഒരു ധനിക കുടുംബത്തിലാണ്. പൈഥഗോറസ് ജനിച്ചത്.അതിനാൽ അന്ന് ലഭിക്കാവുന്ന ഏറ്റവും നല്ല വിദ്യാഭ്യാസം വീട്ടുകാർ പൈഥഗോറസിന് നൽകി.ബാല്യത്തിൽ തന്നെ പൈഥഗോറസ് അസാധാരണ ബുദ്ധിശക്തി പ്രകടമാക്കി.പതിനാറാം വയസ്സിൽ ആ കുട്ടി ചോദിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അധ്യാപകർക്കും കഴിഞ്ഞില്ല.അതിനാൽ പൈഥഗോറസ് നേൽസ് ഓഫ് മിലറ്റ്സ് എന്ന ഗണിത പണ്ഡിതന്റെ കീഴിൽ പടിക്കാൻ പോയി.അക്കാലത്താണ് പൈഥഗോറസ് തന്റെ പ്രശസ്തമായ തിയറം രൂപപ്പെടുത്തിയത്.പൈഥഗോറസ് അക്കാലത്തുണ്ടായിരുന്ന മറ്റ് ഗണിത ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങൾ മനസ്സിലാക്കാനായി ലോക രാഷ്ട്രങ്ങളിലെല്ലാം യാത്ര ചെയ്തു.പേർഷ്യ,അറേബ്യ,ഇന്ത്യ എന്നീ രാജ്യങ്ങളിലുണ്ടായിരുന്ന പണ്ഡിതൻമാരെയെല്ലാം പൈഥഗോറസ് ചെന്നുകണ്ടു.


ഇരുന്നൂറു വർഷങ്ങൾക്കുശേഷം ഗ്രീസിലെ ഭരണാതികാരികൾ റോമിൽ പൈതഗോറസിന്റെ ഒരു പ്രതിമ സ്ഥാപിച്ച് അദ്ദേഹത്തെ ആദരിച്ചു . ഏറ്റവും ബുദ്ധിമാനായ അധിധീരനായ ഗ്രീക്കുകാരൻ എന്ന് അദ്ദേഹത്തെ അവർ വിശേഷിപ്പിച്ചു.

അഖിൽ കെ.വി

# പെൺമൊഴി

കണ്ണില്ലാത്തൊരു  പെണ്ണു  പറഞ്ഞു !
കണ്ണിന് കരിമഷി ചേരില്ലെന്ന് !
കയ്യില്ലാത്ത ഒരു പെണ്ണു പറഞ്ഞു!
കയ്യിൽ കരിവള ചേരില്ലെന്ന്!
കാതില്ലാത്ത ഒരു പെണ്ണ് പറഞ്ഞു!
കാതിന് കമ്മല് ചേരില്ലെന്ന്!
കാലില്ലാത്ത ഒരു പെണ്ണ് പറഞ്ഞു!
കാലിന് കാൽത്തള ചേരില്ലെന്ന്!
കൈയും കാലും കണ്ണും ഉള്ളൊരു !
പെണ്ണ് പറഞ്ഞു മടിക്കാതെ!
അഞ്ജനമെന്നതെനിക്കറിയാം !
മഞ്ഞളുപോലെ വെളുത്തിട്ട്!!

ആൽബർട്ട് ഐസക്


Ebin James

# മാറുന്ന ലോകവും മാറാത്ത സംസ്കാരവും

നാടോടുമ്പോൾ നടുവേ ഓടണം എന്ന് പറയാറുണ്ട്. ഇത് ജീവിതത്തിൽ ഉൾക്കൊള്ളുന്നവരുടെ എണ്ണവും കൂടുതലാണ്. എന്നാലും അന്നും ഇന്നും ഒരുപോലെ ഒരുപോലെ അല്ലാതെയോ നിലനിൽക്കുന്ന ചില സംസ്കാര സമ്പത്ത് നമുക്കുണ്ട്. ഒരു സംസ്കാരമാണ് അവനവൻറെ പ്രവർത്തികളിലേക്കും നയിക്കുന്നത്. വ്യക്തിപരമായ സംസ്കാരവുമുള്ള സാമൂഹികമായ സംസ്കാരവും ഉണ്ട് ചില സാമൂഹ്യ സംസ്കാരമാണ് അന്നും ഇന്നും മാറാതെ നിലനിൽക്കുന്നത് കേരളത്തിലൊരു പ്രദേശത്തിനും ഓരോരോ സംസ്കാരമാണ് സംസ്കാര വൈവിധ്യമാണ് നമ്മുടെ നാടിനെ മനോഹരമാക്കുന്നത് നമ്മുടെ നാട്ടിൽ വിവിധ തരത്തിലുള്ള കലാരൂപങ്ങളും ഇപ്പോഴും ഓരോ സംസ്കാരമായി നമ്മൾ അനുഷ്ഠിച്ചുപോന്നു കഥകളി മോഹിനിയാട്ടം തുടങ്ങിയ കലാരൂപങ്ങളെല്ലാം നമ്മുടെ നമ്മുടെ നാടിൻറെ സംസ്കാരം നിഴലിക്കുന്നതാണ് തെയ്യം തുടങ്ങിയ സാംസ്കാരിക രൂപങ്ങൾ അവതരിപ്പിക്കുന്നവർ എപ്പോഴും കലയെ സ്നേഹിക്കുന്നവർ ആണ് കലാരംഗത്ത് പ്രവർത്തിക്കുന്നവർ കൂടുതലും അവരുടെ സംസ്കാരത്തെ സ്നേഹിക്കുന്നവരും ആണ് കലയും സംസ്കാരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു കാലമെത്ര മുന്നോട്ടു പോയാലും സംസ്കാരത്തിന് പഴമയും പുതുമയും എന്നും നിലനിൽക്കും സ്നേഹിക്കുന്നവർ സംസ്കാരത്തെ സ്നേഹിക്കും സ്നേഹിക്കുന്നവർ സംസ്കാരത്തെ സ്നേഹിക്കും

സംസ്കാരങ്ങൾ മാറാതെ നിലനിൽക്കും ഇതാണ് മാറുന്ന ലോകവും മാറാത്ത സംസ്കാരവും

**ആൻലിയ അലോഷ്യസ്**

# നല്ല ചങ്ങാതി

ബിയാസ് നദിക്കപ്പുറത്തുള്ള കാട്ടിൽ ഒരു കുറുക്കൻ താമസിച്ചിരുന്നു. കുറുക്കന്മാർ മഹാബുദ്ധിമാന്മാരാണ് എന്ന അഹത്തെ യോടെയാണ് അവൻ എല്ലാവരോടും പെരുമാറിയിരുന്നത്. ഒരു ദിവസംതന്നെ ചങ്ങാതിയായ പരുന്തിനെ കുറുക്കൻ നന്നായി ഒന്നും കളിയാക്കി.

" താനെന്തൊരു" സുഹൃത്താണ് പരുന്തച്ചാ? തൻറെ കൂട്ടു കൊണ്ട് എനിക്ക് എന്താ ഗുണം! താൻ എപ്പോഴും മാനത്ത് കറങ്ങി നടപ്പല്ലേ? വല്ലപ്പോഴും ഒന്നു ചിരിപ്പിക്കാൻ, ഒരിക്കലെങ്കിലും ഒന്ന് കരയിപ്പിക്കാൻ, തന്നെക്കൊണ്ട് കഴിഞ്ഞിട്ടുണ്ടോ? ഒരു നേരത്തെ ആഹാരം തരാനോ അപകടത്തിൽനിന്നു രക്ഷിക്കാൻ ഒക്കെ കഴിയുന്നവരെ ശരിയായ ചങ്ങാതി? ഇതിനൊന്നും കഴിയാത്ത തന്നെ കൂട്ട് കോഴി ഇല്ലാത്ത കോഴിക്കൂട്ടുപോലെയാണ് !" കുറുക്കൻ പരിഹാസത്തോടെ പറഞ്ഞു.

പരുന്തിന് കുറുക്കന്റെ പരിഹാസം ഇഷ്ടപ്പെട്ടില്ല. അത് പുറത്തുകാണിക്കാതെ പരുന്ത് പറഞ്ഞു. " ക്ഷമിക്കു കുറുക്കച്ചാ മഹാജ്ഞാനിയായ താൻ ഇന്നല്ലേ ഇതൊക്കെ ആദ്യമായി എന്നോട് പറയുന്നത്! ഇന്നുമുതൽ ഞാൻ താൻ പറഞ്ഞതുപോലെ ഒരു നല്ല കൂട്ടുകാരനായിരിക്കും- ചിരിപ്പിക്കുന്ന, കരയിപ്പിക്കുന്ന, ഭക്ഷണം തരുന്ന, ജീവൻ രക്ഷിക്കുന്ന നല്ല ചങ്ങാതി!"

അധികം വൈകാതെ പരുന്ത് കുറുക്കനും ആയി നടക്കാനിറങ്ങി. രണ്ടു സുഹൃത്തുക്കൾ നടന്നു

പോകുന്നത് അവർ കണ്ടു. അവർ രണ്ടുപേരും തങ്ങളുടെ ഭാണ്ഡം ഒരു കമ്പിൽ കോർത്ത് അതിൽ രണ്ടറ്റവും തോളിൽ വെച്ചാണ് നടന്നിരുന്നത്. " ഞാനൊരു വിദ്യ കാണിക്കാം" എന്നുപറഞ്ഞ് പരുന്ത് പറന്ന് വഴിപോക്കൻ ആയ സുഹൃത്തുക്കളുടെ തോളിൽ വെച്ച് കമ്പിലിരുന്നു.

പുറകിലായി നടക്കുന്ന ആൾ നോക്കുമ്പോഴുണ്ട് ഒരുഗ്രൻ പരുന്ത് തന്നെ തോളിൽ ഇരിക്കുന്ന കമ്പിന്മൽ ! പരുന്ത് ഇറച്ചിയുടെ രുചി ഓർത്തപ്പോൾ അയാളുടെ വായിൽ വെള്ളമൂറി. തന്റെ കാലിലെ ചെരുപ്പൂരി അയാൾ പരുന്തിനിട്ട് ഒരുഗ്രൻ എറു കൊടുത്തു. പരുന്ത് മിന്നൽവേഗത്തിൽ മാറിക്കളഞ്ഞു. ചെരുപ്പ് ചെന്നു കൊണ്ടത് കൂട്ടുകാരൻറെ തലയിൽ! പോരെ പൂരം! പിന്നെ അവർ തമ്മിൽ കശപിശയായി, ഉന്തുംതള്ളുമായി, ഒന്നാന്തരം അടിപിടിയായി! എല്ലാം കണ്ട് കുറുക്കൻ ചിരിച്ചു മണ്ണുകപ്പി. "ഞാൻ ചിന്തിപ്പിക്കുന്നത് സുഹൃത്തല്ലേ കുറുക്കച്ചാ?" പരുന്ത് ചോദിച്ചു. കുറുക്കൻ സമ്മതിച്ചു.

പിറ്റേന്നും പരുന്ത് കുറുക്കനുമായി നടക്കാനിറങ്ങി. അപ്പോൾ വഴിയിലൂടെ വേട്ടക്കാരൻ പോകുന്നത് കണ്ടു. ഒരു മരപ്പൊത്ത് ചൂണ്ടിക്കാട്ടി വരുന്ന കുറുക്കനോട് പറഞ്ഞു: " ഈ മരപ്പൊത്തിൽ ഇരുന്നുകൊള്ളൂ ഞാനൊരു സൂത്രം കാണിക്കാം". പരുന്ത് പറന്ന് ചെന്ന് നാടോടിയുടെ ചപ്ര തലയിൽ മാന്തുകയും കുത്തുകയും ചെയ്തു. നാടോടിയും അയാളുടെ വേട്ടപട്ടിയും പരുന്ത് പിന്നാലെ കോപത്തോടെ പറഞ്ഞു. പരുന്ത് പറന്നിറങ്ങിയത് കുറുക്കൻ ഒളിച്ചിരുന്ന് മരത്തിനു നേരെ മരപ്പൊത്ത് കണ്ട വേട്ടപ്പട്ടി അതിനുള്ളിൽ ഇരുന്ന കുറുക്കനെ ശരിക്കും കൈകാര്യം ചെയ്തു. നാടോടിയും വേട്ടപ്പട്ടികൾ പോയപ്പോൾ മറഞ്ഞിരുന്ന് പരുന്ത് പുറത്തുവന്ന കുറുക്കനോട് ചോദിച്ചു, വല്ലപ്പോഴുമൊന്ന് കരയിക്കാൻ കഴിവുള്ള ചങ്ങാതി അല്ലേ ഞാൻ. കുറുക്കനും തലയാട്ടുവാൻ പോലും ത്രാണിയില്ലാതെ ഇരുന്നു.

പിറ്റേന്ന് പരുന്ത് കുറുക്കനോട് പറഞ്ഞു ഇന്ന് ഞാൻ തനിക്ക് സദ്യ തരുവാൻ പോകുന്നു. വഴിയിലൂടെ സ്ത്രീകൾ വയലിലേക്ക് പോകുന്നത് അവർ കണ്ടു. ഉടൻ പരുന്ത് പറന്നുചെന്ന് സ്ത്രീകൾക്ക് കാണാവുന്ന ദൂരത്തിൽ പൊന്തക്കാട്ടിൽ വീണു ചിറകിട്ടടിച്ചു. വീണ് പിടയുന്ന പരുന്തിനെ പിടിക്കാനായി പെണ്ണുങ്ങൾ ചോറ്റുപാത്രം വഴിവക്കിൽ വച്ച് പൊന്തക്കാട്ടിലേക്ക് പറഞ്ഞു. ഈ തക്കത്തിന് കുറുക്കൻ ചോറും കറിയും എടുത്ത് ഇഷ്ടംപോലെ ശാപ്പിട്ടു. പെണ്ണുങ്ങളെ അടുത്ത് ചെന്നതും പരുന്ത് പറന്ന് മാറിക്കളഞ്ഞു ഉഗ്രൻ സദ്യ തന്നെ സമ്മതിച്ചു കുറുക്കൻ പറഞ്ഞു.

പിറ്റേന്ന് പുഴക്കരയിലേക്ക് ആണ് പരുന്തും കുറുക്കനും നടന്നത്. ഞങ്ങളെ പുഴയ്ക്കക്കരെ ഒന്ന് ഇറക്കാമോ പരുന്ത് മുതലയോട് ചോദിച്ചു. മുതല സമ്മതിച്ചു. പരുന്തും കുറുക്കനും മുതലപ്പുറത്തുകയറി പുഴയിലൂടെ യാത്രതുടങ്ങി. അടുത്തെത്തിയതും മുതലയുടെ മട്ടുമാറി. മണ്ടന്മാരായ നിങ്ങളെ ഞാൻ ശാപ്പിടാൻ പോകുന്നു മുതല പ്രഖ്യാപിച്ചു. അതുകേട്ട് പരുന്ത് പറഞ്ഞു. മുതലേ നിനക്ക് എന്നെ പിടിക്കാനാവില്ല. ഞാൻ ദാ ഇങ്ങനെ പറന്നുയരും മണ്ടനായ കുറുക്കനെ വേണമെങ്കിൽ തിന്നാം. പക്ഷേ ഒന്നും മറക്കരുത് കുറുക്കനെ ശരീരത്തിലെ ഏറ്റവും രുചിയുള്ള ഭാഗം അവൻറെ കരളും ഹൃദയവും ആണ്

അതൊരെണ്ണം വീട്ടിൽ വച്ചിട്ടാണ് ഈ കുറുക്കൻ വന്നിരിക്കുന്നത്. ആദ്യം ഇവൻ അത് എടുത്തു കൊണ്ടു വരട്ടെ പിന്നെ കൊല്ലുന്ന തല്ലേ ബുദ്ധി?. മണ്ടൻ മുതൽ അത് സമ്മതിച്ചു. കുറുക്കനെ കരയിലേക്ക് തിരിച്ചുകൊണ്ടുപോയി. അപ്പോൾ പരുന്ത് കുറുക്കനോട് ചോദിച്ചു ഇന്നു ഞാൻ തന്നെ അപകടത്തിൽ നിന്ന് രക്ഷിച്ചു താൻ പറഞ്ഞതെല്ലാം ഞാൻ ചെയ്തിരിക്കുന്നു ഞാനൊരു ചങ്ങാതിയാണെന്നു താൻ സമ്മതിച്ചു??

അപ്പോൾ കുറുക്കൻ പറഞ്ഞു താൻ അതിബുദ്ധിമാൻ ആണ് ഓരോരുത്തരും കൂട്ടുകൂടുന്നത് എനിക്ക് ചേരുന്ന തരക്കാരായവരുമായാണ് അല്ലെങ്കിൽ അപകടം ഉണ്ടാകും. എന്നേക്കാൾ എത്രയോ ബുദ്ധിമാനായ താനും മുള്ള ചങ്ങാത്തം ഞാൻ അവസാനിപ്പിക്കുകയാണ്. ഗുഡ് ബൈ കുറുക്കൻ പൊന്തക്കാട്ടിലേക്ക് പാഞ്ഞുപോയി അഹങ്കാരിയുമായ അല്പബുദ്ധിയുമായ കുറുക്കന്റെ കൂട്ട് വേണ്ടെന്ന് പരുന്ത്

തീരുമാനിച്ചു

ആൽബർട്ട് ഐസക്

# വെണ്ണയുണ്ടെങ്കിൽ

മുല്ല നസറുദീൻ ഭാര്യ യോട് പറഞ്ഞു : "കുറച്ചു വെണ്ണ കൊണ്ടുവരൂ. വെണ്ണ കഴിക്കുന്നത് കണ്ണിന് വളരെ നല്ലതാണ് ."

"വെണ്ണ തീർന്നു പോയി "-ഭാര്യ പറഞ്ഞു .


"വളരെ നന്നായി. വെണ്ണ പല്ലുകൾക്കും മോണകൾക്കും നന്നല്ല."

" നിങ്ങളുടെ ഏതു പ്രസ്താവനയാണ് ശരിയായത്?."ഭാര്യ.

" വീട്ടിൽ വെണ്ണയുണ്ടെങ്കിൽ ആദ്യത്തേതും ഇല്ലെങ്കിൽ രണ്ടാമത്തേതും".മുല്ല പറഞ്ഞു.

ദർശന വി വി

A  BIT OF GEOMETRY



# മാതൃഭാഷയും ബോധനമാധ്യമവും

മാതൃഭാഷയിൽ കുട്ടികൾക്ക് പഠിക്കാൻ സാധിക്കണമെന്നാണ് ഗാന്ധിജിയെ പോലുള്ളവരുടെ നിരീക്ഷണം. ഒരു വ്യക്തിയുടെ പൂർണ വളർച്ചക്ക് മാതൃഭാഷയിലുള്ള വിദ്യാഭ്യാസം ആവശ്യമാണെന്നും ഭാഷാ പണ്ഡിതന്മാരും സൂചിപ്പിച്ചിട്ടുണ്ട്. ആദ്യകാല വിദ്യാഭ്യാസം മാതൃഭാഷയിൽ ആക്കണമെന്ന് മനശാസ്ത്രജ്ഞരും നിർദ്ദേശിക്കുന്നു. അതിനുശേഷം മറ്റു ഭാഷകൾ പഠിക്കാവുന്നതേ ഉള്ളൂ. ഏതു വിഷയവും ആഴത്തിൽ മനസ്സിലാക്കാൻ മാതൃഭാഷയിലുള്ള പഠനമാണ് കൂടുതൽ സഹായകമെന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. സ്വന്തം സംസ്കാരത്തിൽ നിന്ന് അകന്നു പോകാതിരിക്കാനും മാതൃഭാഷയിലുള്ള വിദ്യാഭ്യാസം സഹായിക്കും.

ആശയവിനിമയത്തിനുള്ള ഉപാധിയാണ് മാധ്യമങ്ങൾ. വിവര വിജ്ഞാനങ്ങളെ ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയുമാണ് മാധ്യമങ്ങളുടെ വഴി. ബഹുജന മാധ്യമങ്ങളെയും വാർത്താമാധ്യമങ്ങളെയും കുറിക്കാനാണ് ബോധനമാധ്യമം ഇന്ന് ഉപയോഗിക്കുന്നതെങ്കിലും സ്വകാര്യമായ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ടെലിഫോൺ, കത്ത് തുടങ്ങിയ ഉപാധികളും മാധ്യമങ്ങളാണ്. ബോധനമാധ്യമം മാതൃഭാഷയിൽ ആയിരിക്കണം. കുട്ടികളുടെ അടിസ്ഥാനാവശ്യങ്ങൾ, അഭിരുചികൾ എന്നിവയോട് പൂർണമായി ഇത് ബന്ധപ്പെട്ടതാണ്. കുട്ടികളുടെ സൃഷ്ടിപരവും ഉത്പാദനക്ഷമവുമായ സ്വാഭാവിക സിദ്ധികൾ പ്രയോജനപ്പെടുത്താൻ ഇത് സഹായകമാണ്. കുട്ടി ജനിച്ചുവളരുന്ന സമുദായത്തിന്റെ അടിസ്ഥാനവും അവയ്ക്കനുസൃതമായ ബോധനമാർഗങ്ങളും ഉൾക്കൊണ്ടതാണ് അടിസ്ഥാനവിദ്യാഭ്യാസം. പ്രവർത്തിച്ചു പഠിക്കുക എന്ന മഹത്തായ ആദർശത്തിന് ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ആദർശവാദം, പ്രകൃതിവാദം, പ്രായോഗികതാവാദം തുടങ്ങിയ ദർശന ശാഖകളിലെ നല്ലവശങ്ങൾ ഇതിൽ സമന്വയിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിൻറെ പ്രധാനപ്രശ്നമാണ് ബോധനമാധ്യമം എന്തായിരിക്കണമെന്നത്. മാതൃഭാഷ സ്വഭാവികമായ അധ്യായന മാധ്യമമാണ്. ഇത് ബോധനമാധ്യമം ആക്കിയാൽ നിലവാരത്തിനു താഴ്ച ഉണ്ടാകാതെ തന്നെ വിദ്യാഭ്യാസകാലം എളുപ്പമാക്കാം. മലയാളത്തെ രക്ഷിക്കാനായിട്ടോ ഭാഷയോടുള്ള അഭിമാനംകൊണ്ടോ എല്ലാവരും മലയാളം പഠിക്കണമെന്ന് പറഞ്ഞാൽ അത് നടക്കാൻ പോകുന്നില്ല. മാതൃഭാഷ പഠിച്ചാൽ അതത് കുട്ടികൾക്കാണ് ഗുണം കിട്ടുന്നതെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തിയേ മതിയാകു.

ബോധനമാധ്യമം മലയാളം ആകുന്നതോടൊപ്പം മറ്റു ഭാഷകൾക്കു പ്രാധാന്യം നൽകിയേ അത് സാധ്യമാവുകയുള്ളൂ.

ഏത് വിഷയത്തിലും ഏത് ഭാഷയിലും നന്നായി പഠിക്കുന്നതിന് മാതൃഭാഷയിൽ നല്ല അടിത്തറ ഉണ്ടാക്കുകയാണ് ആദ്യം വേണ്ടത്. ശാസ്ത്ര സാമൂഹിക വിഷയങ്ങൾ ആകട്ടെ, കഠിന വ്യാകരണമുള്ള ഭാഷയോ കലയോ ആകട്ടെ എന്തും ഹൃദയത്തിലും തലച്ചോറിലും പതിയും വിധം പഠിക്കാനാകും. നെൽസൺ മണ്ടേല പറയുന്നു : "നിങ്ങൾ ഒരാളോട് അയാൾക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുമ്പോൾ അത് അയാളുടെ തലച്ചോറിൽ കടക്കുന്നു. അയാളുടെ സ്വന്തം ഭാഷയിൽ സംസാരിക്കുമ്പോൾ ഹൃദയത്തിൽ പ്രവേശിക്കുന്നു.

ഓരോ വ്യക്തിക്കും സ്വന്തം വ്യക്തിത്വം ഉള്ളതുപോലെ ഭാഷയ്ക്കുമുണ്ട് അതിന്റെ മാത്രം സ്വാഭാവിക വിശേഷങ്ങൾ. മറ്റുള്ളവരിൽ നിന്ന് സ്വീകരിക്കുകയും തിരിച്ചുനൽകുകയും ചെയ്തു കൊണ്ടാണ് വ്യക്തികളും ഭാഷകളും വികസിക്കുന്നത്. ഇത് പശ്ചാത്തലത്തിൽ നോക്കുമ്പോൾ സ്വന്തം ഭാഷ ഉപേക്ഷിച്ച് ഇതരഭാഷാ സ്വീകരിക്കുന്ന സ്വഭാവം ആത്മവിനാശകരവും നിന്ദ്യവുമാണെന്ന് വ്യക്തം. സ്വന്തം ഭാഷയും സംസ്കാരവും ഉപേക്ഷിച്ച് അന്യമായതിനെ കീഴ്പെടുത്തുമ്പോൾ സംസ്കാരവുമായി അടിമത്തമാണ് സ്വീകരിക്കുന്നത്. അത്യന്തം ആപൽക്കരമായ ഈ വഴി പിഴയ്ക്കലിലേക്കല്ലേ കടുത്ത ഇംഗ്ലീഷ് മാധ്യമത്തിലൂടെ അറിഞ്ഞും അറിയാതെയും മലയാളികൾ വ്യതിചലിക്കുന്നത്. അതുകൊണ്ട് മലയാള ഭാഷയുടെ ഭാവിയെക്കുറിച്ചുള്ള ഉൽകണ്ഠകൾ പങ്കുവെക്കുന്നവർ സശ്രദ്ധം വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട വിലപ്പെട്ട കൃതിയാണ് 'നമ്മുടെ ഭാഷ, നമ്മുടെ സംസ്കാരം' എന്ന പ്രബന്ധസമാഹാരം.

റിസ്ന ടി.എസ്




Noyal Joshy



Rayan Sajan